# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 22 — 08.02.2016 - ൽ മറുപടിക്ക്

## അസിസ്റ്റന്റ് ഗ്രേഡ് തസ്തികയ്ക്ക് മെയിൻ പരീക്ഷ പുനഃസ്ഥാപിക്കൽ

**ചോദ്യം**

ശ്രീ.എം.പി.വിൻസെന്റ്

(എ) കേരള പി.എസ്.സി. നടത്തുന്ന അസിസ്റ്റന്റ് ഗ്രേഡ്, കേരള സെക്രട്ടേറിയറ്റ്/ പി.എസ്.സി/ലോക്കൽ ഫണ്ട് പരീക്ഷയ്ക്ക് മാതൃഭാഷ പരിജ്ഞാനം, ഉപന്യാസം ഇവ ഉൾപ്പെട്ട മെയിൻ സമ്പ്രദായം പുനഃസ്ഥാപിക്കുമോ;

(ബി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് പോലെയുള്ള തസ്തികകളിൽ ജോലിയുടെ ഭാഗമായി വിവർത്തനം, മലയാള ഭാഷാ പരിജ്ഞാനം, ഇംഗ്ലീഷ് പ്രാവീണ്യം ഇവ ആവശ്യമുള്ളതാണെന്ന് പി.എസ്.സി.യെ നിയമപരമായി അറിയിക്കുമോ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ)-യും, (ബി)-യും

സെക്രട്ടേറിയറ്റ്, പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികകളുടെ പ്രാധാന്യം കണക്കിലെടുത്ത് മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള അവഗാഹം കൂടി പരിശോധിക്കുന്നതിന്, ടി തസ്തികകളിലേക്ക് വിവരണാത്മക പരീക്ഷ കൂടി ഉൾപ്പെടുത്തുന്നതിന് PSC-Rules of Procedure പ്രകാരം പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ കത്ത് നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ